1) **<u>25.08.2017 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 484-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി.
3) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 99/2017-18</u>**

*26.07.2017 ൽ കൂടിയ 483-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

*26.07.2017*-ൽ കൂടിയ 483-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 100/2017-18</u>**

28.06.2017-ൽ കൂടിയ 482-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.

28.06.2017-ൽ കൂടിയ 482-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 101/2017-18</u>**

*ജിസിഡിഎ - റവന്യൂ വിഭാഗം - സി.എം.ഡി.എസ്. - ഒ.എസ്.-59 ഓഫീസ് മുറിയുടെ വാടകയിൽ ഇളവ് നൽകുന്നത് - സംബന്ധിച്ച്.*
*(736/സി-5/ഒ.എസ്.-59/സി.എം.ഡി.എസ്./ജിസിഡിഎ)*

അതോറിറ്റി വക മറൈൻഡ്രൈവ് വാണിജ്യസമുച്ചയത്തിലെ ഒ.എസ്-59-ാം നമ്പർ ഓഫീസ് മുറിയുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് ആവശ്യമായി വന്ന സമയത്തെ വാടക ഒഴിവാക്കുന്നതിന് തീരുമാനിച്ചു. കൂടാതെ മേലിൽ അതോറിറ്റി വക കടമുറികൾ/ഓഫീസ് സ്പേസുകളുടെ അറ്റകുറ്റപണി നടത്തിയശേഷം മാത്രം വാടക കരാർ വച്ചാൽ മതിയെന്നും അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും തീരുമാനിച്ചു.

**4. തീരുമാനം നമ്പർ 102/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം - കലൂർ മാർക്കറ്റ് കോംപ്ലക്സിലെ സ്റ്റാൾ നമ്പർ 35-ന്റെ അലോട്ടി ശ്രീ. സജീവൻ പി.ബി.യുടെ വാടക കുടിശ്ശിക ഇളവ് നൽകുന്നത് - സംബന്ധിച്ച്. (11183/സി-18/10/KLR MKT/Stall No.35/ജിസിഡിഎ)*

കലൂർ മാർക്കറ്റ് കോംപ്ലക്സിലെ സ്റ്റാൾ നമ്പർ 35-ന്റെ അലോട്ടി ശ്രീ.സജീവൻ.പി.ബിയുടെ വാടക കുടിശ്ശികയിൽ പലിശയിനത്തിലുള്ള തുക പൂർണ്ണമായി ഇളവ് ചെയ്യുന്നതിനും വാടകയിനത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കഴിച്ചുള്ള തുക ഒഴിവാക്കി നൽകുന്നതിനും സർക്കാർ അംഗീകാരത്തിന് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 103/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അണ്ടർ-17 വേൾഡ് കപ്പ് കളിക്കളത്തിൽ പുല്ല് വച്ച് പിടിപ്പിക്കുന്നതിന്റെ കൺസൾട്ടൻസി പ്രവൃത്തി - സേവന നികുതി - സംബന്ധിച്ച്. (ഇ.2/7819/2014/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിനായി കളിക്കളത്തിൽ പുല്ല് വച്ച് പിടിപ്പിക്കുന്ന പ്രവൃത്തി ചെയ്ത മെ.സ്പോർട്സ് ടർഫ് & ഗോൾഡ് എന്റർപ്രൈസസ് കൺസൾട്ടന്റിന് സർവ്വീസ് ടാക്സ് ഇനത്തിൽ 1,80,000/- രൂപ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 104/2017-18**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - കലൂർ ജെ.എൻ.ഐ. സ്റ്റേഡിയം നിർമ്മാണത്തിനുവേണ്ടി ശ്രീമതി. ഭാനുമതി കുമാരനിൽ നിന്നും ഏറ്റെടുത്ത സ്ഥലത്തിന് പകരം സ്ഥലം നൽകുന്നത് - സംബന്ധിച്ച്. (6069/പി.എൽ.2/2011/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ. സ്റ്റേഡിയം നിർമ്മാണത്തിനു വേണ്ടി ശ്രീമതി.ഭാനുമതി കുമാരനിൽ നിന്നും ഏറ്റെടുത്ത 18 സെന്റ് സ്ഥലത്തിന് പകരമായി കോടതി വിധി പ്രകാരം ടിയാരിക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിനായി മാറ്റിയിട്ടിരിക്കുന്ന കലൂർ മണപ്പാട്ടിപ്പറമ്പ് CAT ന് സമീപം ഉള്ള 10.8 സെന്റ് (5.4 സെന്റ് വീതമുള്ള രണ്ട് പ്ലോട്ടുകൾ) (കലൂർ ഏരിയ നഗര വികസന പദ്ധതിയിൽപ്പെട്ട R-23, R-24 എന്നീ പ്ലോട്ടുകൾ) ടിയാരിയുടെ അനന്തരാവകാശികളായ മൂന്ന് മക്കൾ ശ്രീമാൻമാർ തമ്പി, പ്രകാശൻ, ഉണ്ണി എന്നിവർക്ക് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരം അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 105/2017–18**

*ജിസിഡിഎ - റവന്യൂ വിഭാഗം - രാമേശ്വരം വെസ്റ്റ് ടൗൺ പ്ലാനിംഗ് സ്കീം എച്ച്-21 പ്ലോട്ട് ഒരിക്കൽ കൈമാറ്റം ചെയ്ത അലോട്ടിക്ക് തിരികെ കൈമാറ്റം ചെയ്യുന്നത് - സംബന്ധിച്ച്. (C.6/Rev/9361/H/H-21/ജിസിഡിഎ)*

രാമേശ്വരം വെസ്റ്റ് പാനിംഗ് സ്കീമിൽപ്പെട്ട പ്ലോട്ട് നം.എച്ച്-21 ഒരിക്കൽ കൈമാറ്റം ചെയ്ത അലോട്ടിക്ക് വീണ്ടും കൈമാറ്റ ഫീസ് ഈടാക്കാതെ തിരികെ കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ലീഗൽ ഒപ്പീനിയൻ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 106/2017–18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ അണ്ടർ-17 ലോകകപ്പ് - എയർ കണ്ടീഷൻ പ്രവൃത്തി - റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരം - സംബന്ധിച്ച്. (E.2/2670/2016/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 ലോകകപ്പിനോടനുബന്ധിച്ചുള്ള നവീകരണ പ്രവൃത്തിയായ എയർകണ്ടീഷനിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നതിനും മെ.എൽ.ജി ഇലക്ട്രോണിക്സിന് തുക നൽകിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 107/2017–18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ അണ്ടർ-17 - നിലവിലുള്ള കൈവരിയുടെ പൊക്കം കൂട്ടുന്നതും കൈവരി ബലപ്പെടുത്തുന്നതുമായ പ്രവൃത്തി - ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (E.2/4645/2017/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 ലോകകപ്പിന് മുന്നോടിയായി ഫയർ എൻ.ഒ.സി ലഭിക്കേണ്ട സാഹചര്യം കണക്കിലെടുത്ത് 69 ലക്ഷം രൂപയുടെ ഭരണാനുമതി പ്രതീക്ഷിച്ച് ലിമിറ്റഡ് ടെണ്ടർ ചെയ്ത നടപടിയും മെ.അല്ലീസ് ഫയർ സിസ്റ്റത്തിന് വർക്ക് ഓർഡർ നൽകിയ നടപടിയും സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 108/2017–18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ അണ്ടർ-17 ലോകകപ്പ് - പെയിന്റിംഗ് പ്രവൃത്തികൾ - ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (E.2/3507/2016/ജിസിഡിഎ)*

ഫിഫ അണ്ടർ-17 ലോകകപ്പിനോട് അനുബന്ധിച്ച് കലൂർ ജെ.എൻ.ഐ.എസ് പെയിന്റിംഗ് പ്രവൃത്തിക്കായി ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകിയത് ബഹു.ഹൈക്കോടതി വിധിക്ക് അനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 109/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - കോംപറ്റീഷൻ ഏരിയയുടെ മുകളിലുള്ള (എ, എച്ച്, ജി സെക്ടേഴ്സ്) പാത്തിയിലെയും പ്രസ്തുത ഏരിയയിലെ സീറ്റിംഗ് എലമെന്റിന്റെ വിടവിലുള്ള ചോർച്ച തടയുന്ന പ്രവൃത്തികൾ - സംബന്ധിച്ച്. (E.2/4829/2017/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 ലോകകപ്പിനോട് അനുബന്ധിച്ച നവീകരണ പ്രവൃത്തിയായ കോമ്പറ്റീഷൻ ഏരിയയുടെ മുകളിലുള്ള (എ, എച്ച്, ജി സെക്ടേഴ്സ്) പാത്തിയിലെയും പ്രസ്തുത ഏരിയയിലെ സീറ്റിംഗ് എലമെന്റിന്റെ വിടവിലുള്ള ചോർച്ച തടയുന്ന പ്രവൃത്തിയ്ക്കായി 23,50,000/- രൂപയുടെ ഭരണാനുമതി അംഗീകരിക്കുന്നതിനും ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് മെ.റെകോ റൂഫ് ഇന്ത്യക്ക് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 110/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം - തോട്ടക്കാട്ടുകര നഗരാസൂത്രണ പദ്ധതിയിൽ പ്ലോട്ട് നമ്പർ 40-ന്റെ അധിക ഭൂവില അടവാക്കുന്നത് - സംബന്ധിച്ച്. (C.3/Rev/Thottakkattukara/Plot-40/ജിസിഡിഎ)*

വിഷയം വിശദമായി ചർച്ച ചെയ്തു. അതോറിറ്റിയുടെ തോട്ടക്കാട്ടുകര നഗരാസൂത്രണ പദ്ധതിയിൽ മുൻ എം.എൽ.എ ശ്രീ.കെ.മുഹമ്മദാലിക്ക് അനുവദിച്ചിട്ടുള്ള പ്ലോട്ട് നം.40-ന്റെ അധിക ഭൂവില അടയ്ക്കുന്നത് സംബന്ധിച്ച് ലീഗൽ ഒപ്പീനിയൻ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 111/2017-18**

*ജിസിഡിഎ - ധനകാര്യ വിഭാഗം - അതോറിറ്റിയുടെ AY 2010-11 മുതൽ AY 2015-16 വരെയുള്ള ആദായ നികുതി കുടിശ്ശികയായ 12,83,55,928/- രൂപ 18 തവണകളായി അടവാക്കുന്നത് - സംബന്ധിച്ച്. (9406/എഫ്.ബി.1/2011/ജിസിഡിഎ)*

വിഷയം വിശദമായി ചർച്ച ചെയ്തു. അതോറിറ്റിയുടെ AY 2010-11 മുതൽ AY 2015-16 വരെയുള്ള ആദായ നികുതി കുടിശ്ശികയിൽ 72 ലക്ഷം രൂപ അടവാക്കിയത് സാധൂകരിക്കുന്നതിനും ബാക്കി തുക തവണകളായി അടവാക്കുന്നതിനും തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 112/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ഫിഫ അണ്ടർ-17 പ്രവേശന റോഡിന്റെയും റിംഗ് റോഡിന്റെയും നവീകരണ പ്രവർത്തനങ്ങൾക്ക് വർക്ക് ഓർഡർ നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്. (ഇ.2/1190/2016/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിനോട് അനുബന്ധിച്ച് പ്രവേശന റോഡിന്റെയും റിംഗ് റോഡിന്റെയും നവീകരണ പ്രവർത്തനങ്ങൾക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s Antech കൺസ്ട്രക്ഷൻസിന്റെ നിരക്ക് അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 113/2017-18**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - ഹെൽത്ത് ഇൻഷുറൻസ് സ്കീം അതോറിറ്റിയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്. (5809/ജി.2/2017/ജിസിഡിഎ)*

24.04.2017-ലെ ധനകാര്യ (പെൻഷൻ-സി) വകുപ്പിൽ നിന്നുള്ള ജി.ഒ(പി)നം.54/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.ആർ.ഡി.എ അംഗീകൃത ഇൻഷുറൻസ് കമ്പനി മുഖേന നടപ്പിലാക്കുന്ന ഹെൽത്ത് ഇൻഷുറൻസ് സ്കീം അതോറിറ്റി ജീവനക്കാർക്കും പെൻഷൻ/ഫാമിലി പെൻഷൻകാർക്കും ബാധകമാക്കുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 114/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എസ്. ശ്രീകുമാർ, സീനിയർ ക്ലർക്കിന്റെ സേവന കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്. (6966/എസ്റ്റാ.2/2011/ജിസിഡിഎ)*

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അതോറിറ്റിയിലെ സീനിയർ ക്ലർക്ക് ശ്രീ.എസ്.ശ്രീകുമാറിന്റെ സേവനകാലാവധി 10.09.2017 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 115/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - അതോറിറ്റിയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ശ്രീമതി. അനു ബി.മോൾക്ക് നിരീക്ഷണകാലം പൂർത്തീകരിച്ച് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതും - സംബന്ധിച്ച്.*
*(8872/എസ്റ്റാ.2/2009/ജിസിഡിഎ)*

അതോറിറ്റിയിലെ എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.അനു.ബി.മോൾക്ക് നിരീക്ഷണ കാലം പൂർത്തിയാക്കിയ 01.07.2017 പൂർവ്വാഹ്നത്തിൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും സർക്കാർ അംഗീകാരത്തിനായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 116/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തീകരിച്ചത് പ്രഖ്യാപിച്ച് സ്ഥാനക്കയറ്റം, ശമ്പള നിർണ്ണയം നൽകിയ നടപടി സാധൂകരിക്കുന്നതിനും ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള തീരുമാനവും - സംബന്ധിച്ച്. (1989/എസ്റ്റാ.2/2015/ജിസിഡിഎ)*

അതോറിറ്റിയിൽ ക്ലർക്ക് തസ്തികയിൽ പി.എസ്.സി മുഖേന നിയമിതരായ അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള ജീവനക്കാർക്ക് നിരീക്ഷണ കാലം പൂർത്തീകരിച്ച് സ്ഥാനക്കയറ്റം, ശമ്പള നിർണ്ണയം നൽകിയ നടപടി സാധൂകരിക്കുന്നതിനും സർക്കാർ അംഗീകാരത്തിനായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 117/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് മൈതാനം - അന്താരാഷ്ട്ര പുസ്തക പ്രദർശനം നടത്തുന്നതിന് സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് അനുവദിക്കുന്നതിന് - വാടകയിളവ് നൽകുന്നത് - സംബന്ധിച്ച്.*
*(5289/എസ്റ്റേറ്റ്/എ3/2017/ജിസിഡിഎ)*

ജിസിഡിഎ വക മറൈൻഡ്രൈവ് മൈതാനം അന്താരാഷ്ട്ര പുസ്തക പ്രദർശനം നടത്തുന്നതിന് 26.02.18 മുതല 13.03.18 വരെ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് അനുവദിക്കുന്നതിനും വാടകയിനത്തിൽ 75% കുറവ് ചെയ്ത് 25% ഈടാക്കിയാൽ മതിയെന്നും അലോട്ട്മെന്റിന് മുൻപ് തന്നെ എസ്.പി.സി.എസ് സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണെന്നും തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 118/2017-18**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ സ്കീമിൽ ഉൾപ്പെട്ട ജിസിഡിഎ വക സ്ഥലം പാർട്ട് വേരിയേഷനും ലേ-ഔട്ടിനും അംഗീകാരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (5951/പി.എൽ.1/2015/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ സ്കീമിൽ ഉൾപ്പെട്ട ജിസിഡിഎ വക സ്ഥലത്തെ പാർട്ട് വേരിയേഷന് സർക്കാർ അംഗീകാരം ലഭ്യമാക്കിയ ശേഷം ഏത് തരം സൗന്ദര്യവൽക്കരണം എന്നത് പിന്നീട് നിശ്ചയിക്കാമെന്ന് തീരുമാനിച്ചു.

**21. തീരുമാനം നമ്പർ 119/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - തസ്തികമാറ്റം വഴി എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിതനായ ശ്രീ. മനോജ് ടി.കെ.യുടെ നിരീക്ഷണ കാലം പൂർത്തീകരിച്ചത് പ്രഖ്യാപിച്ച് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള തീരുമാനവും - സംബന്ധിച്ച്.*
*(2326/എസ്റ്റാ.2/2014/ജിസിഡിഎ)*

അതോറിറ്റിയിൽ തസ്തികമാറ്റം വഴി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.മനോജ് ടി.കെയ്ക്ക് നിരീക്ഷണ കാലം പൂർത്തീകരിച്ച 11.08.2017 എഫ്.എൻ ൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും സർക്കാർ അംഗീകാരത്തിനായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**22. തീരുമാനം നമ്പർ 120/2017-18**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - കലൂർ മണപ്പാട്ടിപറമ്പിൽ 4.71 ഏക്കർ സ്ഥലത്ത് കൺവെൻഷൻ സെന്റർ ആന്റ് ഓഫീസ് കോംപ്ലക്സ് പി.പി.പി. വ്യവസ്ഥയിൽ നിർമ്മിക്കുന്നത് - സംബന്ധിച്ച്. (1253/പി.എൽ.2/2014/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരമുള്ള കലൂർ മണപ്പാട്ടിപ്പറമ്പിലെ 4.71 ഏക്കർ സ്ഥലത്ത് എക്സിബിഷൻ കം കൺവെൻഷൻ സെന്റർ പി.പി.പി/ബി.ഒ.ടി വ്യവസ്ഥയിൽ നിർമ്മിക്കുന്നതിന് തീരുമാനിച്ചു.

**23. തീരുമാനം നമ്പർ 121/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം, കലൂർ - കോംപറ്റീഷൻ ഏരിയയിൽ Tarpaulin വിരിക്കുന്നത് - സംബന്ധിച്ച്.*
*(ഇ.2/6686/2017/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരമുള്ള കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിന് മുന്നോടിയായുള്ള കോംപറ്റീഷൻ ഏരിയയിലെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ച സാഹചര്യത്തിൽ റൂഫ് ഗട്ടർ-ന്റെ ലീക്കേജ് തടയുന്നതിനായി *Tarpaulin* വിരിച്ച പ്രവൃത്തി ചെയ്തത് സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**24. തീരുമാനം നമ്പർ 122/2017-18**

ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം, ഫിഫ അണ്ടർ-17 വേൾഡ്കപ്പ് അക്രിഡേഷൻ സെന്റർ - Temporary structure നിർമ്മാണം - സംബന്ധിച്ച്. (ഇ.2/4969/2017/ജിസിഡിഎ)

കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ- 17 നോട് അനുബന്ധിച്ച് അക്രിഡേഷൻ സെന്റർ നിർമ്മിക്കുന്നതിന് 5,28,000/മാസം നിരക്കിൽ ഭരണാനുമതി നൽകി ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് 4,95,000/മാസം നിരക്കിൽ ടാക്സ് ഉൾപ്പെടെ വർക്ക് ഓർഡർ നൽകിയും നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**25. തീരുമാനം നമ്പർ 123/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം - മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നമ്പർ എ-26 - ബിസിനസ്സ് 'ഹൗസ് കീപ്പിംഗ് കോൺട്രാക്ടർ സർവ്വീസ്' ആയി മാറ്റുന്നത് - സംബന്ധിച്ച്. (1271/സി-15/എ.26/സിഎംഡിഎസ്/ജിസിഡിഎ)*

മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ എ-26ന്റെ അലോട്ടി ബിസിനസ്സ് മാറ്റത്തിനാണ് അപേക്ഷിച്ചിരിക്കുന്നത് എന്നതിനാൽ അധിക വാടകയും, അധിക സെക്യൂരിറ്റി തുകയും ഈടാക്കുന്നതിന് തീരുമാനിച്ചു.

**26. തീരുമാനം നമ്പർ 124/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ. സ്റ്റേഡിയം ഫിഫ അണ്ടർ-17 വേൾഡ്കപ്പ് കലൂർ സ്റ്റേഡിയത്തിന് പടിഞ്ഞാറുവശം വി.ഐ.പി. റോഡിന് സമീപമുള്ള അക്രിഡീഷൻ സെന്ററിന് ടോയ്ലറ്റ്, സ്റ്റോർ റൂം നിർമ്മിക്കുന്ന പ്രവർത്തി - സംബന്ധിച്ച്. (ഇ.2/4630/2017/ജിസിഡിഎ)*

കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 നോടനുബന്ധിച്ച അക്രഡിയേഷൻ സെന്ററിന് വേണ്ടി ടോയ്ലറ്റ്, സ്റ്റോർ എന്നിവ നിർമ്മിക്കുന്നതിന് 5,20,000/- രൂപയ്ക്ക് ഭരണാനുമതി നൽകി ആദ്യ ടെണ്ടറിൽ competition ലഭിക്കാത്ത സാഹചര്യത്തിൽ ലിമിറ്റഡ് ടെണ്ടർ നടത്തി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.പ്രിൻസ് ടി ആന്റണിക്ക് ടാക്സ് കുറച്ച് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

യോഗം 12.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി